പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2179** **23.3.2012-ൽ മറുപടിക്ക്**

**മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; | എ) നഗരപ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജനത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ വിപുലീകരിക്കാനും ആവശ്യമായ അനുബന്ധ ഘടകങ്ങളായ മലിനജല സംസ്കരണ പ്ലാന്റ്, സാനിറ്ററി ലാന്റ് ഫിൽ, ഗ്രീൻ ബെൽറ്റ്, നിലവിലുള്ള മാലിന്യ സംസ്ക്കരണ സംവിധാനത്തിന്റെ വിപുലീകരണം തുടങ്ങിയവയ്ക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക മായിട്ടുള്ള പരിശീലനം നൽകുകയും അവ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള 100% സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കാനുള്ള നടപടി സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. പ്ലാന്റുകളില്ലാത്ത നഗരസഭകളിൽ അവ പുതിയതായി സ്ഥാപിക്കാനുമുള്ള നടപടികളുടെ ഭാഗമായി അവയ്ക്ക് സാങ്കേതിക സഹായവും 100 ശതമാനം സാമ്പത്തിക സഹായവും നൽകാനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. മലിനീകരണവും ദുർഗന്ധവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കാത്ത തരത്തിലുള്ള നവീന സാങ്കേതിക വിദ്യകൾ കണ്ടെത്താനും അവയുടെ മോഡൽ പ്ലാന്റുകൾ തിരുവനന്തപുരം നഗരസഭയിൽ മൂന്ന് സ്ഥലങ്ങളിൽ സ്ഥാപിക്കാനും നടപടി എടുത്തിട്ടുണ്ട്. നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള, പ്ലാന്റുകൾ സ്ഥാപിക്കാനായി |

യോഗ്യതയുള്ള ഏജൻസികളെ തെരഞ്ഞെടുത്ത് ഒരു സാങ്കേതിക സമിതി പരിശോധിച്ച ശേഷമാണ്. അപ്രകാരം കണ്ടെത്തിയ ഏജൻസികളിൽ നിന്ന് പദ്ധതി നിർദ്ദേശം ലഭിക്കുകയും അവ ശുചിത്വ മിഷനിൽ പരിശോധിച്ച് തുടർനടപടികൾ എടുത്ത് വരികയുമാണ്.

ബി) സ്വന്തമായി ഭൂമി കൈവശമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗ്രാന്റ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ബി) ഉണ്ട്. സ്വന്തമായി ഭൂമി കൈവശമുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് ഖരമാലിന്യ സംസ്കരണത്തിന് പൊതുസംവിധാനം ഏർപ്പെടുത്തുന്നതിനായി മൂലധന ചെലവിന്റെ 75% തുകയോ പരമാവധി 35 ലക്ഷം രൂപയോ ലഭ്യമാക്കാനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗരസഭകളുടെ കാര്യത്തിൽ സംസ്കരണ പ്ളാന്റുകളുടെ പോരായ്മ പരിഹരിക്കാനും പ്ളാന്റ് നിലവിലില്ലാത്ത സ്ഥലത്ത് പുതിയ പ്ളാന്റുകൾ സ്ഥാപിക്കാനും ആവശ്യമായി വരുന്ന മൂലധന ചെലവിന്റെ 100% സാമ്പത്തിക സഹായം ശുചിത്വമിഷൻ വഴി ലഭ്യമാക്കാൻ നടപടികൾ നടന്നു വരുന്നു.

സി) പഞ്ചായത്തുകൾക്ക് മാലിന്യനിർമ്മാർജനത്തിനായി കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ നൽകിയിട്ടുള്ള ധനസഹായം സംബന്ധിച്ച വിശദവിവരം നൽകാമോ ;

സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഡി) മാലിന്യസംസ്കരണം ഒരു പ്രധാന വിഷയമായി മാറിയിട്ടുള്ള സാഹചര്യത്തിൽ ഓരോ പഞ്ചായത്തിനും അനുയോജ്യമായതും, മാലിന്യം പ്രയോജനപ്രദമായ വിധം പ്രോസസ് ചെയ്യാവുന്നതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികൾക്ക് ആരംഭം കുറിക്കുമോ?

ഡി) ഖരമാലിന്യ പരിപാലനത്തിൽ ഗ്രാമപഞ്ചായത്തുകളെ സഹായിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട് ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് അനുയോജ്യമായ ഖരമാലിന്യ സംസ്കരണ സാങ്കേതിക വിദ്യകളും മോഡൽ പദ്ധതിവിശദാംശങ്ങളും സാങ്കേതിക പരിശീലനവും, പദ്ധതികൾക്കുള്ള സാങ്കേതിക അംഗീകാരവും സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ വഴി ലഭ്യമാക്കിവരുന്നു.

സെക്ഷൻ ഓഫീസർ